## കേരളത്തിലെ തീവണ്ടിപ്പാത വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ

75 (4657) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ഏതൊക്കെ പുതിയ തീവണ്ടിപാതകൾക്ക് സ്ഥലം ഏറ്റെടുത്ത് നൽകാമെന്നാണ് അറിയിച്ചിരുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ആയതിന്റെ തുടർ നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഇക്കഴിഞ്ഞ കേന്ദ്ര റെയിൽവേ ബജറ്റിൽ കേരളത്തിലെ ഏതൊക്കെ പുതിയ പാതകൾക്കാണ് തുക നീക്കിവച്ചിട്ടുള്ളത് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) ആയത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുത്ത് നൽകുന്നതിന് എത്ര തുക നീക്കിവച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഇ) കാഞ്ഞങ്ങാട് പാണത്തൂർ-കണ്ണിയൂർ പാത യാഥാർത്ഥ്യമാക്കുന്നതിന് സ്ഥലം ഏറ്റെടുത്ത് നൽകണമെന്ന കാസർഗോഡ് എം. പി. ശ്രീ. പി. കരുണാകരന്റെ ഹർജിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

### ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കാഞ്ഞങ്ങാട് പാണത്തൂർ - കണ്ണിയൂർ പാത യാഥാർത്ഥ്യമാക്കുന്നതിന് സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്ന് സംസ്ഥാന സർക്കാർ അറിയിച്ചിരുന്നു. കൂടാതെ നിലമ്പൂർ-നഞ്ചൻഗുഡ്, തലശ്ശേരി-മൈസൂർ പാതകൾ യാഥാർത്ഥ്യമാക്കാൻ നടപടികൾ സ്വീകരിക്കണമെന്നും റെയിൽവേയോട് ആവശ്യപ്പെട്ടിരുന്നു.

(ബി) പ്രസ്തുത പാതയുടെ അവശേഷിക്കുന്ന സർവ്വേ നടപടികൾ അടിയന്തരമായി പൂർത്തിയാക്കണമെന്നും റെയിൽവേ ബഡ്ജറ്റിൽ പദ്ധതി ക്കാവശ്യമായ തുക വകയിരുത്തണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. 2015-16 റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായി സമർപ്പിച്ചിട്ടുള്ള മെമ്മോറാണ്ടത്തിൽ പ്രധാന കാര്യങ്ങളിലൊന്നായിത്തന്നെ ഉൾപ്പെടുത്തിയും ഇക്കാര്യം സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി & ഡി) അങ്കമാലി-ശബരി പാതയ്ക്ക് 5 കോടിയും തിരുനാവായ-ഗുരുവായൂർ പാതയ്ക്ക് ഒരു കോടി രൂപയുമാണ് 2015-16 റെയിൽവേ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത പദ്ധതിക്കായി സംസ്ഥാനത്തുനിന്ന് എത്ര ഭൂമിയാണ് ആവശ്യമെന്നും ആയതിന് എത്ര തുക ആവശ്യമായിവരുമെന്നും അറിയിക്കാനായി ജനറൽ മാനേജർ, സതേൺ റെയിൽവേ, ചെന്നൈക്കും ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (കൺസ്ട്രക്ഷൻ), സതേൺ റെയിൽവേ, എഞ്ചിനീയർ (കൺസ്ട്രക്ഷൻ), സതേൺ റെയിൽവേ, എറണാകുളത്തിനും കത്ത് നൽകിയിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല.

## എന്റെ സംഘം കാമ്പയിൻ

76 (4658) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ 'എന്റെ സംഘം' കാമ്പയിൻ നടത്തിയിട്ടുണ്ടോ ;

(ബി) എന്തെങ്കിലും ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ വേണ്ടിയാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി ആരെല്ലാമാണ് സഹകരിച്ചതെന്ന് വിശദമാക്കാമോ ;

(ഡി) ഇതുവഴി സഹകരണ മേഖല എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് 2012 ഏപ്രിൽ 14 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ "എന്റെ സംഘം" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതോടൊപ്പം സംഘത്തിലെ ഓരോ അംഗത്തെയും അവർ അംഗങ്ങളായ സംഘത്തിന്റെ/ ബാങ്കിന്റെ പ്രവർത്തനത്തിലെ സജീവ പങ്കാളികളാക്കേണ്ട ഉണ്ടെന്ന ലക്ഷ്യം മുൻനിർത്തി സംഘം പ്രവർത്തനം കൂടുതൽ ഊർജ്ജസ്വല മാക്കുന്നതിനും എല്ലാ സംഘാംഗങ്ങൾക്കും തങ്ങളുടെ സംഘങ്ങളെ/ബാങ്കുകളെ സംബന്ധിച്ച് അഭിമാനം ഉളവാക്കുന്നതിനുമായാണ് "എന്റെ സംഘം" പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly